# കേരള സർക്കാർ

## സംഗ്രഹം

പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം - എറണാകുളം ജില്ലയിലെ വടവ്കോട്-പുത്തൻകുരിശ്ശ് ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ ഇ എൻ അശോകന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം.1568/2016/തസ്വഭവ        തീയതി, തിരുവനന്തപുരം, 29/4/2016

---

പരാമർശം : 1.എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 04.06.2015 ലെ ഇ 5 - 583/15 നമ്പർ നടപടിക്രമം.
2. പഞ്ചായത്ത് ഡയറക്ടറുടെ 09.02.2015 ലെ ഇ 6-40301/2015 നമ്പർ കത്ത്.

### ഉത്തരവ്

ശ്രീ. ഇ എൻ അശോകൻ 18.08.2008 ൽ ക്ലാർക്കായി സേവനത്തിൽ പ്രവേശിച്ചു. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി. പരീക്ഷ വിജയിയ്ക്കാത്തതിനാൽ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം 1 പ്രകാരം ടിയാന്റെ പ്രൊബേഷൻ കാലയളവ് 16.11.2010 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകുകയുണ്ടായി. 31.01.2014 ൽ ടിയാൻ എം. ഒ. പി പരീക്ഷ വിജയിച്ചതിനാൽ തൊട്ടടുത്ത ദിവസമായ 01.02.14 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാന്റെ നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 02.02.14 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

പരാമർശകത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, എറണാകുളം ജില്ലയിലെ വടവ്കോട്-പുത്തൻകുരിശ്ശ് ഗ്രാമപഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ. ഇ എൻ അശോകൻ എം. ഒ. പി പരീക്ഷ വിജയിച്ച 31.01.2014 ന്റെ തൊട്ടടുത്ത ദിവസമായ 01.02.14 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക്

പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 02.02.14 വരെ പ്രൊബേഷൻ കാലയളവ്, കെ.എസ് & എസ്. എസ്.ആർ, ജനറൽ റൂൾ 21 പ്രകാരം, ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി എസ്**
ഗവ.അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
സെക്രട്ടറി, വടവ്കോട്-പുത്തൻകുരിശ്ശ് ഗ്രാമപഞ്ചായത്താഫീസ്,എറണാകുളം.
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
ഡയറക്ടർ, ഐ. കെ. എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(12/ഇപിഎ 1/2016/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ